# Visit of External Affairs Minister to Slovakia and the Czech Republic (June 02-06, 2022)

June 01, 2022

---

## സ്ലോവാക്യ, ചെക്ക് റിപ്പബ്ലിക്ക് എന്നിവിടങ്ങളിലേക്കുള്ള വിദേശകാര്യ മന്ത്രിയുടെ സന്ദർശനം (ജൂൺ 02-06, 2022)

ജൂൺ 01, 2022

വിദേശകാര്യ മന്ത്രി (ഇഎ‌എം) ഡോ. എസ് ജയശങ്കർ 2022 ജൂൺ 02-06 വരെയുള്ള തിയ്യതികളിൽ സ്ലോവാക്യയിലും ചെക്ക് റിപ്പബ്ലിക്കിലും ഔദ്യോഗിക സന്ദർശനം നടത്തും.

2022 ജൂൺ 02-04 മുതൽ ബ്രാറ്റിസ്ലാവ സന്ദർശന വേളയിൽ, അദ്ദേഹം സ്ലോവാക്യയുടെ പ്രധാനമന്ത്രി എഡ്വേർഡ് ഹെഗർ കൂടിക്കാഴ്ച നടത്തുകയും സ്ലോവാക്യയുടെ ഫോറിൻ യൂറോപ്യൻ അഫ്യേഴ്സ് മന്ത്രി ഇവാൻ കോർകോക്കുമായി ഉഭയകക്ഷി ചർച്ച നടത്തുകായും ചെയ്യും.

അദ്ദേഹം GLOBSEC 2022 ഫോറത്തിൽ പങ്കെടുക്കുകയും 'സൗഹൃദത്തെ അടുത്ത ലെവലിലേക്ക് കൊണ്ടുപോകുക: ഇൻഡോ-പസഫിക് മേഖലയിലെ സഖ്യകക്ഷികൾ' എന്ന വിഷയത്തിൽ സംസാരിക്കുകയും ചെയ്യും.

ഗ്ലോബ്സെക് 2022 ഫോറത്തിന്റെ ഭാഗമായി ഓസ്ട്രിയയിലെ യൂറോപ്യൻ, ഇന്റർനാഷണൽ അഫയേഴ്സ് മന്ത്രി ശ്രീ. അലക്സാണ്ടർ ഷാലെൻബെർജുമായി വിദേശകാര്യമന്ത്രി സന്ദർശനം തീരുമാനിച്ചിട്ടുണ്ട്.

ജൂൺ 04-06 വരെയുള്ള ചെക്ക് റിപ്പബ്ലിക്കിലേക്കുള്ള തന്റെ സന്ദർശന വേളയിൽ,ഇന്ത്യൻ വിദേശകാര്യമന്ത്രി ചെക്ക് റിപ്പബ്ലിക്കിന്റെ വിദേശകാര്യ മന്ത്രിയായ ജാൻ ലിപാവ്സ്കിയുമായി കൂടികാഴ്ച നടത്തും.

നമ്മുടെ ഉഭയകക്ഷി സഹകരണത്തിന്റെ സമഗ്രമായ അവലോകനത്തിന് ചർച്ചകൾ അവസരമൊരുക്കും. 01 ജൂലൈ 2022 മുതൽ ചെക്ക് റിപ്പബ്ലിക്ക് യൂറോപ്യൻ യൂണിയന്റെ അധ്യക്ഷ പദവി ഏറ്റെടുക്കും.

ഇരു രാജ്യങ്ങളിലെയും രാഷ്ട്രീയ നേതൃത്വവുമായി കൂടിക്കാഴ്ച നടത്തുന്നതിനു പുറമേ, സ്ലോവാക്യയിലെയും ചെക്ക് റിപ്പബ്ലിക്കിലെയും ഇന്ത്യൻ വിദ്യാർത്ഥികൾ ഉൾപ്പെടെ നമ്മുടെ പ്രവാസികളുടെ ക്രോസ്-സെക്ഷനുമായി വിദേശകാര്യമന്ത്രി സംവദിക്കും.

ഇന്ത്യ പരമ്പരാഗതമായി സ്ലോവാക്യയുമായും ചെക്ക് റിപ്പബ്ലിക്കുമായും അടുത്ത സൗഹൃദബന്ധമാണ് ആസ്വദിക്കുന്നത്. വിദേശകാര്യ മന്ത്രിയുടെ ഈ സന്ദർശനം യൂറോപ്യൻ യൂണിയനിലെ ഈ രണ്ടു രാജ്യങ്ങളുമായുള്ള ഉഭയകക്ഷി ബന്ധങ്ങളിൽ കൂടുതൽ ആവേഗം നൽകാൻ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ന്യൂ ഡെൽഹി

**ജൂൺ 1, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.